## കരുണയുടെ ജൂബിലിക്കു സന്നദ്ധസേവകരെ തിരഞ്ഞെടുക്കുന്നു

2015 ഡിസംബര്‍ 8-ാം തിയതി ഫ്രാന്‍സീസ് മാര്‍പ്പാപ്പാ ഉത്ഘാടനം ചെയ്ത, ഒരു കൊല്ലം നീണ്ടുനില്‍ക്കുന്ന, കരുണയുടെ ജൂബിലി ആഘോഷങ്ങളില്‍ സംബന്ധിക്കുവാന്‍ മൂന്നു കോടി തീര്‍ത്ഥാടകര്‍ റോമില്‍ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവരെ സ്വീകരിക്കുന്നതിനും സഹായിക്കുന്നതിനുമായി 644 സന്നദ്ധസേവകരെ തിരഞ്ഞെടുക്കുവാന്‍ ഇററാലിയന്‍ സിവില്‍ സര്‍വീസിന്റെ നാഷണല്‍ ഓഫീസ് തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ വിജ്ഞാപനത്തില്‍ പറയുന്ന പ്രധാന കാര്യങ്ങള്‍ ഇവയാണ്:

* 18നും 28നും ഇടയ്ക്കു പ്രായമുള്ള യുവതികള്‍ക്കും യുവാക്കള്‍ക്കും, ഇററലിക്കാര്‍ക്കും പ്രവാസികള്‍ക്കും, അപേക്ഷ നത്കാവുന്നതാണ്;
* പ്രവാസികള്‍ നിയമാനുസൃതം തൊഴില്‍ വീസയോടുകൂടി ഇററലിയില്‍ താമസ്സിക്കുന്നവരായിരിക്കണം;
* സേവന കാലാവധി ഒരു കൊല്ലമായിരിക്കും, മാസശമ്പളം 433യൂറൊ 80സെന്‍റ്;
* ഏതുതരം സേവനം, എവിടെ എന്ന വിവരങ്ങളും അപേക്ഷാഫോറവും Ufficio per il Servizio Civile Nazionale എന്ന സൈററില്‍ നിന്നു ലഭിക്കും;
* ഇന്‍റര്‍നെററു വഴിയാണ് ഫോറങ്ങള്‍ പൂരിപ്പിച്ചു് അയക്കേണ്ടതു്;
* ഡിസംബര്‍ 17-ാം തിയതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞു് 2മണിക്കു മുമ്പ് അപേക്ഷകള്‍ ബന്ധപ്പെട്ട ഓഫീസുകളില്‍ എത്തിയിരിക്കണം.

റോമാ, ഡിസംബര്‍ 10, 2015 **ഗര്‍വാസീസ് ജെ. മുളക്കാര**